# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണാവള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P.5/1091/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 04/11/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണാവള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P.5/1091/2022 തീയ്യതി: 04/11/2022

## ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 08-08-2022 | 23-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-08-2022 | 23-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.റോയി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ധന്യ സന്തോഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.പി എം ഉഷ | സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീ.പ്രദീപ്കുമാർ | സെക്രട്ടറി | 06-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഫാത്തിമ റെഹിയാനത്ത് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അരുൺ മിത്ര | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 01-04-2021 | 31-03-2022 |
| ഡോ. അശ്വതി വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.മേരി മാർഗ്രറ്റ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 09-05-2021 |
| ഡോ.സ്നേഹ.പി.എസ്. (പൂർണ്ണ അധികച്ചുമതല) | മെഡിക്കൽ ഓഫീസർ,ഹോമിയോ | 10-05-2021 | 25-06-2021 |
| ഡോ.നതാഷ തെരേസ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 26-06-2021 | 31-03-2022 |
| ഡോ മനുജയൻ ഓ എം | വെറ്ററിനറി സർജൻ | 01-04-2021 | 06-04-2021 |
| ഡോ.ധന്യ.വി.പൈ | വെറ്ററിനറി സർജൻ | 07-04-2021 | 30-04-2021 |
| ഡോ മനുജയൻ ഓ എം | വെറ്ററിനറി സർജൻ | 01-05-2021 | 07-08-2021 |
| ഡോ.ധന്യ.വി.പൈ | വെറ്ററിനറി സർജൻ | 08-08-2021 | 16-09-2021 |
| ഡോ മനുജയൻ ഓ എം | വെറ്ററിനറി സർജൻ | 17-09-2021 | 19-12-2021 |
| ഡോ.ധന്യ.വി.പൈ | വെറ്ററിനറി സർജൻ | 20-12-2021 | 31-03-2022 |
| ശ്രീമതി.ജയശ്രീ.പി.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി. റോസ് ലിൻ ജോയ്സണ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ശ്രീമതി.റെഹിയ | എച്ച്.എം | 01-04-2021 | 31-03-2022 |
| ശ്രീമതി.മാലിനി എസ് സാം | അസി.എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷെല്ലി ജോസ് | വില്ലേജ് എക്സ്റ്റെൻഷൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ (ഓടമ്പള്ളി) | | |
| ശ്രീമതി.സൈഫുന്നീസ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (തൃച്ചാറ്റുകുളം) | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷിൻഡ്യ.എൽ.കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലീന ഡെന്നീസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അമ്പിളി പി സി | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന – അപാകങ്ങൾ.<br>Written By: T.M Roy (Senior Grade Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Elsamma (Audit Officer, On 24-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-7 |
| 9 | കാഷ് പരിശോധന<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Elsamma (Audit Officer, On 30-08-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Elsamma (Audit Officer, On 25-08-2022)<br>Last Updated By: Elsamma (Audit Officer, On 30-08-2022) | 1-9 |
| 11 | ടെണ്ടർ ഫീസ്-പഞ്ചായത്തിന്റെ തനത് അക്കൌണ്ടിലേക്ക് വരവു വെയ്ക്കപ്പെടുന്നില്ല-<br>Written By: Elsamma (Audit Officer, On 25-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-10 |
| 12 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ - പഞ്ചായത്തിന് വൻതുക നഷ്ടമാകുന്നു.<br>Written By: Siji (Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-11 |
| 13 | മൊബൈൽ ടവറുകൾ നികുതി കുടിശ്ശിക അടവാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 23-08-2022)<br>Last Updated By: Elsamma (Audit Officer, On 25-08-2022) | 1-12 |
| 14 | തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-13 |
| 15 | ഡി & ഒ.ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്-<br>Written By: Siji (Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-14 |
| 16 | പഞ്ചായത്തുവക കടമുറികളുടെ വാടക കുടിശ്ശിക അടവാക്കുന്നില്ല- | 1-15 |

| | | |
|---|---|---|
| | Written By: Siji (Auditor, On 18-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | |
| 17 | ലേലം നടത്താത്തതിനാൽ സാമ്പത്തിക നഷ്ടമുണ്ടാകുന്നു.<br>Written By: Siji (Auditor, On 18-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-16 |
| 18 | മഴക്കാല പൂർവ്വശുചീകരണം - തുക ചെലവഴിച്ചതിലെ അപാകത - 3600/- രൂപ നിരാകരിക്കുന്നു.<br>Written By: Siji (Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-17 |
| 19 | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല 193156/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Siji (Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-18 |
| 20 | പ്രോജക്റ്റ് നം. 79/21-22- ആർദ്രം പദ്ധതി - താൽക്കാലിക ജീവനക്കാർക്കുള്ള ഹോണറേറിയം - 10580/- രൂപ നിരാകരിക്കുന്നു.<br>Written By: Siji (Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-19 |
| 21 | കടത്ത് സംബന്ധിച്ച് കരാർ വയ്ക്കാതെയും ഫിറ്റ്നെസ് ഇല്ലാതെയും കടത്തുകാരന് വേതനം നല്കി-<br>Written By: Siji (Auditor, On 18-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-20 |
| 22 | 46237/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Siji (Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-21 |
| 23 | അഗതി ആശ്രയ ഭവന നിർമ്മാണം - 2014-15 വർഷം ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: T.M Roy (Senior Grade Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-22 |
| 24 | ഇടവിള കൃഷി (പ്രോ.നം 03/22) – അപാകതകൾ.<br>Written By: T.M Roy (Senior Grade Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-23 |
| 25 | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ഒടുക്കാതെ വിതരണ സ്ഥാപനത്തിന് നേരിട്ട് നൽകി<br>Written By: T.M Roy (Senior Grade Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-24 |
| 26 | അനുപൂരക പോഷകാഹാര പദ്ധതി - അനുവദിച്ച കേന്ദ്രവിഹിതം ചെലവഴിക്കാത അക്കൗണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: T.M Roy (Senior Grade Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-25 |
| 27 | സ്ട്രീറ്റ് ലൈൻ നീട്ടൽ -- പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.<br>Written By: T.M Roy (Senior Grade Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-26 |
| 28 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു.<br>Written By: T.M Roy (Senior Grade Auditor, On 23-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 30-09-2022) | 1-27 |
| 29 | അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി.<br>Written By: T.M Roy (Senior Grade Auditor, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-28 |

| | | |
|---|---|---|
| 30 | പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല-<br>Written By: Elsamma (Audit Officer, On 25-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-29 |
| 31 | കാലിവീപ്പയുടെ വില തനതുഫണ്ടിൽ സൂക്ഷിക്കുന്നത് തിരികെ ഒടുക്ക് വരുത്താത്തത് സംബന്ധിച്ച്-<br>Written By: Elsamma (Audit Officer, On 25-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-30 |
| 32 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാറുകാരിൽ നിന്നും ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല.<br>Written By: T.M Roy (Senior Grade Auditor, On 26-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-31 |
| 33 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: T.M Roy (Senior Grade Auditor, On 26-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മഴക്കാല പൂർവ്വശുചീകരണം - തുക ചെലവഴിച്ചതിലെ അപാകത - 3600/- രൂപ നിരാകരിക്കുന്നു.<br>Written By: Siji (Auditor, On 26-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 3-1 |
| 2 | പ്രോജക്ട് നം. 79/21-22- ആർദ്രം പദ്ധതി - താൽക്കാലിക ജീവനക്കാർക്കുള്ള ഹോണറേറിയം - 10580/- രൂപ നിരാകരിക്കുന്നു.<br>Written By: Siji (Auditor, On 26-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 3-2 |
| 3 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു.<br>Written By: T.M Roy (Senior Grade Auditor, On 26-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 30-09-2022) | 3-3 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Elsamma (Audit Officer, On 24-08-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Elsamma (Audit Officer, On 24-08-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 4-7 |

| | | |
|---|---|---|
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 24-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 25-08-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 25-08-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 29-09-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

12/02/2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 252953323 | 251237023 |
| വാർഷിക കണക്ക് പ്രകാരം | 208267916 | 213692350 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2022 | 18.6.2022 |

## 1-2-1 വാർഷിക കണക്ക് പരിശോധന – അപാകങ്ങൾ.

പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 10.5.2019ൽ ലഭിച്ച 1,80,000 രൂപയ്ക്ക് സാംഖ്യയിൽ ചെലവ് രേഖപ്പെടുത്താത്തതിനാൽ ജില്ലാസഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Collected എന്ന ഹെഡിലാണ് ടി തുക ഇപ്പോഴും രേഖപ്പെടുത്തുന്നത്. അതുപോലെ Directly Credited By Bank എന്ന ഹെഡിൽ ചേർത്തിട്ടുള്ള 5.4.2019ലെ 87,200 രൂപയും ഇപ്പോഴും ക്രമപ്പെടുത്തിയിട്ടില്ല.

2) ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്ന ഹെഡിൽ ചേർത്തിട്ടുള്ള 9.4.2019ലെ 2,89,928 രൂപയും Cheque Issued But Not Presented എന്ന ഹെഡിൽ ചേർത്തിട്ടുള്ള 12.3.2019ലെ 1,04,250 രൂപയും ഇപ്പോഴും ക്രമപ്പെടുത്തിയിട്ടില്ല.

3) സംയുക്ത പ്രോജക്ടുകൾക്കായുള്ള എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും 26.3.2019ൽ നൽകിയ 67897 രൂപയുടെ ചെക്ക് 20.4.2020ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ചെലവ് സാംഖ്യയിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതിനാൽ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഇപ്പോഴും Directly Debited By Bank എന്ന ഹെഡിൽ രേഖപ്പെടുത്തിപോരുന്നു.

4) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡ്യൻഷ്യൽ, നോൺ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടേതാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 23491097 |
| വരവ് | 90711901 |
| ആകെ | 114202998 |
| ചെലവ് | 96210834 |
| നീക്കിയിരിപ്പ് | 17992164 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 12720102 | 12720102 | 12568117 | 151985 |
| വികസന ഫണ്ട് എസ്.സി.പി (ACR പ്രകാരം) | | 8572953 | 8572953 | 7671653 | 901300 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 152645 | 152645 | 152645 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 7742082 | 7742082 | 1343729 | 6398353 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 9690414 | 9680414 | 4831850 | 4848564 |
| സി.എഫ്.സി. Basic | | 5370894 | 5370894 | 5083163 | 287731 |
| സി.എഫ്.സി. Tied | | 5185882 | 5185882 | 3916975 | 1268907 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 39544825 | 59 | 18492319 | 60 | 66 | 32 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 14804 | 1068215 | 1083019 | 1079249 | 3770 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 64782751 | 64782751 | 64782751 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 118440 | 111 |
| കർഷകതൊഴിലാളി പെൻഷൻ | 4124600 | 287 |

| | | |
|---|---|---|
| വിധവാപെൻഷൻ | 15850200 | 1162 |
| വാർദ്ധക്യകാലപെൻഷൻ | 36508800 | 3187 |
| വികലാംഗപെൻഷൻ | 6218700 | 429 |
| അവിവാഹിത പെൻഷൻ | 1023800 | 70 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 180000 | 6 |

## 1-8 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.8.22.ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8264/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് അഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
   വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
6. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
7. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
8. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

## 1-10 ടെണ്ടർ ഫീസ്-പഞ്ചായത്തിന്റെ തനത് അക്കൌണ്ടിലേക്ക് വരവു വെയ്ക്കപ്പെടുന്നില്ല-

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 270108/- രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ - പഞ്ചായത്തിന് വൻതുക നഷ്ടമാകുന്നു.

വ്യാപാരകേന്ദ്രമായ പൂച്ചാക്കൽ ടൗണിൽ സ്ഥിതിചെയ്യുന്ന വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്ററിൽ അധികമുള്ള വാണിജ്യാവശ്യത്തിനുള്ള പല ഷോപ്പിംഗ് കോംപ്ലക്സുകളുടെയും ആകെ വിസ്തൃതി നിർണ്ണയിച്ച് ഒന്നിച്ച് നികുതി നിർണ്ണയം നടത്താതെ മുറികളുടെ വിസ്തൃതിക്ക് മാത്രം നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിനാൽ പഞ്ചായത്തിന് വൻതുക നഷ്ടം

വന്നിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിട നം. | ഉടമ | ആകെ വിസ്തീർണ്ണം | ഈടാക്കിയ നിരക്ക് |
|---|---|---|---|---|
| 11 | 7 A-D | സുഹാസ് | 110.76 | 50 |
| 11 | 9A, 10-16,17A, 18,19A,20-29 | ബിനു റഷീദ് | 417 | 9A-50<br>ബാക്കി എല്ലാം<br>40/- നിരക്ക് |
| 11 | 191 A മുതൽ X വരെയുള്ള ഉപനമ്പരുകളും | റ്റി.ഡി. പ്രകാശൻ | 1326 Sq.m | 50/-<br>40/- |
| 11 | 209, 210,211,212, 212 B – H, 214, 215 | ആർ. വിശ്വനാഥപിള്ള | 591 | 50/- |
| 11 | 290 A-S | കെ.എം.പുരുഷൻ | 463 | 50/- |
| 11 | 150,150A-P (16 മുറികൾ) | സെക്രട്ടറി, പാണാവള്ളി SCB-901 | 242 | 50/- |
| 11 | 178D,E | സുനിൽ സി. മുഹമ്മദ് | 152.92 | 50/- |
| 11 | 40E,F | മിറാസ് സജ്ന | 101.5 | 50/- |
| 11 | 46,47 | ശിവജി, കളത്താക്കൽ | 178 | 50/- |
| 12 | 97,97A-E, 98, 99,100,101 | വൈകുണ്ഠൻ ആചാരി | 302 | 50/- |
| 12 | 230, 230A-M | ഭാസ്കരൻനായർ | 213 | 50/- |
| 12 | 80F,G,,H,J,K. | കെ.എ ഹാഷിം | 121.53 | 50/- |

ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ 100 ചതുരശ്രമീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾ ഓരോ മുറികൾക്കും പ്രത്യേക നമ്പർ നല്കി 100 ചതുരശ്ര മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള നികുതി നിരക്ക് നിർണ്ണയിക്കുന്നതായാണ് കാണുന്നത്. കൂടാതെ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള ചേർത്തല അരൂക്കുറ്റി PWD റോഡിന് അഭിമുഖമായുള്ള നിരവധി വാണിജ്യാവശ്യത്തിനുള്ള കടമുറികൾ അസംബ്ലി ഹാൾ എന്ന് രേഖപ്പെടുത്തി കുറഞ്ഞ നിരക്ക് നിർണ്ണയിച്ച് വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാർ ഉൾപ്പെടുന്ന കെട്ടിടസമുച്ചയത്തിനും ഇപ്രകാരം വിവിധ കെട്ടിട നമ്പർ നല്കിയതായാണ് കാണുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും 2021-22 വർഷത്തേയ്ക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിട നികുതി നിരക്ക് അറിയിക്കുന്നതിനുമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/23/8/22 ) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ചികിത്സാലയങ്ങൾ ആശുപത്രികളായാണോ ആയുർവേദ സുഖചികിത്സാലയങ്ങളായാണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതും തദനുസരണം നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവ് (അച്ചടി) നം.19/2011/തസ്വഭവ., തീ.14.1.2011 പ്രകാരം 100 ചതുരശ്ര മീറ്റർ വരെ, 200 ചതുരശ്ര മീറ്റർ വരെ, 200 ചതുരശ്ര മീറ്ററിനു മുകളിൽ എന്നിങ്ങനെ വിസ്തീർണ്ണത്തിനനുസൃതമായും ഉപയോഗത്തിനനുസൃതമായും വിവിധ നിരക്കുകളാണ് നിശ്ചയിച്ചിട്ടുള്ളത്. തെറ്റായി നിരക്ക് നിർണ്ണയിച്ച കെട്ടിട സമുച്ചയങ്ങളുടെ ആകെ വിസ്തീർണ്ണത്തിനനുസൃതമായും ഉപയോഗത്തിനനുസൃതമായും മേൽ സർക്കാർ ഉത്തരവിനനുസൃതമായി ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിരിക്കുന്ന നികുതിനിരക്കുകൾ പ്രകാരം നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകൾ നികുതി കുടിശ്ശിക അടവാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന 2 മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശികയുള്ളതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം. | കുടിശ്ശിക | പ്രതിവർഷ നിരക്ക് |
|---|---|---|---|---|
| 1 | 7/222B | ടാറ്റാ ടെലി സർവ്വീസസ് | 2013-14 മുതൽ | 4536/- |
| 2 | 12/126 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2014 രണ്ടാം അർദ്ധവർഷം മുതൽ | 9450/- |

മേൽ സൂചിപ്പിച്ചവയിൽ റിലയൻസ് കമ്മ്യൂണിക്കേഷൻസ് 2013 (I, II), 2014(I) അർദ്ധവർഷങ്ങളിലെ നികുതി തൻവർഷം അടവാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച്

മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി തൻവർഷം തൊഴിൽനികുതി പിരിവ് കാര്യക്ഷമമായി നടത്തിയിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളിൽ നിന്നും പുതുതായി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ചുവടെ രേഖപ്പെടുത്തിയിട്ടുള്ളവർ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ എന്നിവിടങ്ങളിൽ നിന്നു കൂടി തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പഞ്ചായത്തിൽ നിരവധി ആധാരമെഴുത്ത് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.17/18.8.22) ആധാരമെഴുത്തുകാർക്ക് പൊതുവായി തയ്യാറാക്കിയ കത്ത് ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായി.

2. ഊട്ടുപുഴ കടത്ത് പ്രതിമാസം 40000/- പഞ്ചായത്തിൽ നിന്നും ലേലത്തിൽ നല്കിയിട്ടുണ്ട്. കടത്ത് ലേലത്തിൽ എടുത്തിരിക്കുന്ന ശ്രീ.ഹർഷകുമാറിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതായി കാണുന്നില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.17/18.8.22) കടത്തുകാരന് തൊഴിൽ നികുതി അടവാക്കുന്നതിനായി നോട്ടീസ് നല്കിയതായി അറിയിച്ചിട്ടുണ്ട്.
തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഡി & ഒ.ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്-

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അക്ഷയസെന്ററുകൾ ഒന്നുംതന്നെ ഡി. & ഒ. ലൈസൻസ് എടുക്കാതെയാണ് വർഷങ്ങളായി പ്രവർത്തിക്കുന്നത്. അക്ഷയകേന്ദ്രങ്ങൾപോലെ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഓൺലൈൻ സേവനങ്ങൾ നല്കുന്നവരും ലൈസൻസ് എടുക്കുന്നതായി കാണുന്നില്ല.
ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന്(നം.17/18.8.22) മൂന്ന് അക്ഷയ കേന്ദ്രങ്ങളും അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഓൺലൈൻ സേവനങ്ങൾ നല്കുന്ന 6 പേരിൽ 3 പേർ ലൈസൻസ് നേടിയിട്ടുണ്ടെന്നും ബാക്കിയുള്ളവരെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2. നിലവിലെ ചട്ട പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടവാക്കേണ്ടതാണെന്ന പഞ്ചായത്ത് ഡയറക്ടറുടെയും നഗരകാര്യ ഡയറക്ടറുടെയും കത്തിന്റെ അടിസ്ഥാനത്തിൽ, സിവിൽ സപ്ലൈസ് കമ്മീഷണർ 22.1.19 ലെ നമ്പർ (സി.എസ്.) എ.9-764/2019 കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയില്ല എന്ന് എല്ലാ ജില്ലാ സപ്ലൈ ഓഫിസർമാരെയും അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ റേഷൻ കടകൾ ലൈസൻസ് നേടിയും തൊഴിൽനികുതി അടവാക്കിയുമാണ് പ്രവർത്തിക്കേണ്ടത്. എന്നാൽ പാണാവള്ളി ഗ്രാമപഞ്ചായത്തിൽ റേഷൻകടകൾ ലൈസൻസ് എടുത്തിട്ടുള്ളതായോ തൊഴിൽനികുതി അടവാക്കിയതായോ കാണുന്നില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 2 റേഷൻകടകൾ ലൈസൻസ് എടുത്തിട്ടുണ്ടെന്നും ബാക്കിയുള്ളവർ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് 20.8.2022 ൽ താലൂക്ക് സപ്ലൈ ഓഫീസർക്ക് റേഷൻകടകൾ ലൈസൻസ് എടുക്കുന്നതിന് നിർദ്ദേശിക്കണമെന്ന് കാണിച്ച് നല്കിയ കത്തിന്റെ പകർപ്പ് ഹാജരാക്കുകയുണ്ടായി.

3. ഡി. & ഒ. ലൈസൻസ് അപേക്ഷാ രജിസ്റ്റർ പ്രകാരം നിരവധി അപേക്ഷകർ ലൈസൻസിനായി പഞ്ചായത്തിൽ അപേക്ഷ നല്കിയിട്ടുണ്ടെങ്കിലും ലൈസൻസ് നേടിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ പല അപേക്ഷകളിലും കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനുള്ളതായതിനായാൽ നോട്ടീസ് നല്കിയിട്ടുള്ളതായി കാണുന്നുണ്ട്. എന്നാൽ പിന്നീട് ലൈസൻസ് നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. കെട്ടിടങ്ങൾ തരംമാറ്റി ലൈസൻസ് നേടിയോ എന്നും സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും മറ്റ് അപേക്ഷകർ അപേക്ഷകളിലെ അപാകതകൾ പരിഹരിച്ച് ലൈസൻസ് നേടിയതു സംബന്ധിച്ചും ലൈസൻസ് ഫീ, തൊഴിൽനികുതി എന്നിവ അടവാക്കിയത് സംബന്ധിച്ച വിവരവും ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17,18/18.8.22) ലഭ്യമാക്കിയ മറുപടിയിൽ ചില അപേക്ഷകർ കൊമേഴ്സ്യൽ കടമുറികൾ വാടകയ്ക്ക് എടുത്ത് ലൈസൻസ് നേടിയെന്നും മറ്റു ചില അപേക്ഷകർക്കെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചുവെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ സഞ്ചയ പ്രകാരം അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ നിലവിലും തരം മാറ്റിയിട്ടില്ല.

ഉദാ ;-

കെട്ടിട നം. 10/493A (ഡി. & ഒ. ലൈസൻസ് അപേക്ഷാ നം- 1730/76)

12/24 (ഡി. & ഒ. ലൈസൻസ് അപേക്ഷാ നം. – 129)
4/167 (ഡി. & ഒ. ലൈസൻസ് അപേക്ഷാ നം- 2618)
അപേക്ഷകർ പുതിയ ലൈസൻസ് എടുത്തത് സംബന്ധിച്ച രേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല. ഡി.& ഒ. ലൈസൻസ് അപേക്ഷാ രജിസ്റ്ററിൽ പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകർ പുതിയ ലൈസൻസ് നേടിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
എല്ലാ അക്ഷയകേന്ദ്രങ്ങളും ഓൺലൈൻ സേവനകേന്ദ്രങ്ങളും റേഷൻകടകളും ലൈസൻസ് എടുത്ത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-15 പഞ്ചായത്തുവക കടമുറികളുടെ വാടക കുടിശ്ശിക അടവാക്കുന്നില്ല-

കോവിഡ് സാഹചര്യത്തിൽ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നല്കിയ കിഴിവുകൾക്കുശേഷവും വാടകയിനത്തിൽ പഞ്ചായത്ത് കടമുറികളിൽ നിന്നും വൻതുക ലഭിക്കാനുള്ളതായി കാണുന്നു. ശ്രീ, സാജൻ, വലക്കടവ് എന്നയാൾക്ക് വാടകയ്ക്ക് നല്കിയിരിക്കുന്ന പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ VI/560 നമ്പർ കടമുറിയുടെ വാടക 2019-20 മുതൽ 21-22 വരെയായി താഴെപ്പറയും പ്രകാരം കുടിശ്ശികയുണ്ട്.

2019-20 - 16056/-
2020-21 - 15455/- (1 മാസത്തെ വാടക ഒഴിവാക്കി)
2021-22 - 8850/- (6 മാസത്തെ വാടക ഒഴിവാക്കി)
ആകെ - 40361/-
ലഭ്യമായത് - 4215/-
കുടിശ്ശിക - 36146/-

ഇതു കൂടാതെ,
സാബു.എ.എസ്., അഞ്ചുതുരുത്ത് (8/551) – 588/- രൂപ,
ഷാജി, വലക്കടവ് (6/556)- 4769/-രൂപ (19-20), 4215/- രൂപ (21-22),
സ്വരാജ് തെക്കേവെളിയിൽ (6/557) – 4215/-
എന്നിവരിൽ നിന്നും വാടക കുടിശ്ശിക ലഭ്യമാകാനുണ്ട്. കുടിശ്ശിക പിഴസഹിതം ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരവും ഇല്ലാത്തപക്ഷം ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും അറിയിക്കുവാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/21-22/15-08-2022) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ വാടക പുതുക്കി നല്കിയിരിക്കുന്ന കടമുറി ഉടമകൾ മുദ്രപ്പത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും കരാർ ചമച്ചിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ലേലം നടത്താത്തതിനാൽ സാമ്പത്തിക നഷ്ടമുണ്ടാകുന്നു.

പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പ്രകാരം 2019-20 ൽ ആറാംവേലി പാടശേഖരത്തിലെ വൃക്ഷാദായത്തിൽ നിന്നും തുക വരവുണ്ടെങ്കിലും 2021-22 സാമ്പത്തികവർഷം ലേലം നടത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.
കൂടാതെ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന പൂക്കൈത മുതൽ ഉളവെയ്പ്പ് പള്ളിവെളി വരെയുള്ള പൊതുതോട് മത്സ്യകൃഷിക്ക് ഉപയോഗിക്കുന്നതിനായി ഇളംകുളം കർഷക സമിതി പഞ്ചായത്തിൽ നിന്നും 2015-16, 2016-17, 2017-18 വർഷങ്ങളിൽ അനുമതി തേടിയിരുന്നു. പാട്ടതുകയായി നിശ്ചയിക്കുന്ന തുകയുടെ 5% ആണ് പഞ്ചായത്തിൽ ഫീസായി ഒടുക്കിയിരുന്നത്. കട്ടത്തറ പാടശേഖരസമിതി, ആറാവേലി പാടശേഖരസമിതി, എന്നിവയും 2017-18 വർഷം പഞ്ചായത്തിൽ നിന്നും മത്സ്യകൃഷിക്കായി അനുമതി തേടിയിരുന്നു. എന്നാൽ 2021-22 വർഷം ഈയിനത്തിൽ വരവുള്ളതായി കാണുന്നില്ല. നിലവിൽ മത്സ്യകൃഷി നടത്തുന്നുണ്ടോയെന്നും പഞ്ചായത്തിൽ ഒടുക്കേണ്ട ഫീസ് എന്നിവ സംബന്ധിച്ച രേഖകളും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.4/21-22/15-08-2022) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലേലമിനത്തിൽ ലഭ്യമാകേണ്ട എല്ലായിനം വരവുകളും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-17 മഴക്കാല പൂർവ്വശുചീകരണം - തുക ചെലവഴിച്ചതിലെ അപാകത - 3600/- രൂപ നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലേക്കും മഴക്കാല പൂർവ്വ ശുചീകരണത്തിനായി 20000/- രൂപ വീതം ആകെ 360000/- രൂപ (ശുചിത്വമിഷൻ ഫണ്ട്-180000/-, തനത് ഫണ്ട്-180000/-) നിന്നും വാർഡ്തല ഹെൽത്ത് സാനിട്ടേഷൻ കമ്മറ്റി കൺവീനറുടെ(JPHN) അക്കൗണ്ടിലേക്ക് 16.7.21 ൽ നല്കിയിരുന്നു (വൗച്ചർ നം.22100256/16.7.21, ചെക്ക് നം. 044290). ഇതിൽ വാർഡ് 12 ൽ നല്കിയ തുകയുടെ ചെലവ് രേഖകളിൽ 25.11.21, 27.11.21 തീയതികളിലായി വൗച്ചർ നം. 1, 2 എന്നിവ പ്രകാരം 4 പേർക്ക് വീതം രണ്ട് ദിവസത്തേക്ക് 1125/- രൂപ നിരക്കിൽ കൂലി നല്കിയതായി കാണിച്ചിട്ടുണ്ട് (ആകെ 1125x8=9000/- രൂപ). സർക്കാർ ഉത്തരവ് (പി) നം. 29/2021/ധന., തീ.11.02.2021 പ്രകാരം

ദിവസവേതനക്കാരുടെ വേതനം 675/- രൂപയാണ്. അധിക നിരക്കിൽ വേതനം നല്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/21.8.22) JPHN ലഭ്യമാക്കിയ മറുപടിയിൽ വൗച്ചർ തയ്യാറാക്കിയപ്പോൾ സംഭവിച്ച പിഴവാണെന്നും 563/- രൂപ നിരക്കിൽ 4 ദിവസമായി നടത്തിയ പ്രവർത്തിയാണെന്നുമാണ്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. വൗച്ചറുകളിലും മസ്റ്ററോളിലും രണ്ടുദിവസത്തെ പ്രവർത്തി ചെയ്തത് സംബന്ധിച്ചും 1125/- രൂപ വീതം കൂലി കൈപ്പറ്റിയതായും തൊഴിലാളികൾ ഒപ്പിട്ടു നല്കിയിട്ടുള്ളതാണ്. വേതനം നല്കിയിരിക്കുന്നത് എന്ത് പ്രവർത്തി ചെയ്തതിനാണെന്നും വ്യക്തമല്ല.

മേൽ സർക്കാർ ഉത്തരവിലും അധികരിച്ച് നല്കിയ 3600/- രൂപ (1125-675=450x8) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഉക ഉത്തരവാദിയായ 12-ാം വാർഡ് JPHN നിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല 193156/- രൂപ തടസ്സപ്പെടുത്തുന്നു

1. ആർദ്രം പദ്ധതി –പശ്ചാത്തല വികസനം (പ്രോജക്ട് നം. 81/21-22)

അടങ്കൽ – 550000/- (ജില്ലാ പഞ്ചായത്ത് – 500000/-, തനത് ഫണ്ട് – 50000/-)

ചെലവ് – 500000/- (ട്രഷറി ബിൽ നം. 18/21-22/22.3.22)

49999/- (ട്രഷറി ബിൽ സാങ്ഷൻ നം. 467/23.3.22)

500000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും 49999/- രൂപ തനത് ഫണ്ടും ചെലവഴിച്ചിരിക്കുന്ന ഈ പദ്ധതിയുടെ 389559/- രൂപയുടെ ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. NHM പ്രോഗ്രാം മാനേജരുടെ കത്ത് പ്രകാരം 3 പ്രവർത്തികൾക്കായി അനുവദിച്ചിട്ടുള്ള 160440/- രൂപയുടെ ചെലവ് രേഖകളും പ്രവർത്തിയുടെ ക്വട്ടേഷൻ രേഖകളും ഹാജരാക്കേണ്ടതിനായി (ജില്ലാ പഞ്ചായത്ത് വിഹിതം 110441/- രൂപ, തനത് ഫണ്ട് 49999/- രൂപ). നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/20.8.21) ലഭ്യമാക്കിയ മറുപടിയിൽ 160440/- രൂപ NHM അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിരിക്കുന്നതെന്നും നിർമ്മാണ പ്രവർത്തികൾ NHM ൽ നിന്നും നടന്നുവരുന്നതായും NHM ൽ നിന്നും ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നുമാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ 160440/- രൂപയയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. പ്രവർത്തി പൂർത്തിയാകുന്നമുറയ്ക്ക് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2. പ്രോജക്ട് നം. 282/21-22 – സ്വാന്തന പരിചരണം

അടങ്കൽ – 589400/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)

ചെലവ് – 586899/-

മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി.) നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ട്രഷറി ബിൽ നം.17/22.3.22 പ്രകാരം 266527/- രൂപ നല്കിയിരിക്കുന്നതിൽ 100000/- രൂപ ഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായിട്ടാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഇൻവോയ്സ് നം. 90255497/11.5.22 – രൂ. 14298/-, ഇൻവോയ്സ് നം. 90251959/25.3.22 – രൂ.52986/- എന്നിങ്ങനെ ആകെ 67284/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 32716/- രൂപയുടെ മരുന്നുകൾ ലഭ്യമായ വിവരം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/21.8.22) ഔഷധിയിൽനിന്നും ബാക്കി മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് ബില്ലുകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. 32716/- രൂപയുടെ മരുന്നുകൾ ലഭിക്കാത്തതിനാൽ ഉക തടസ്സപ്പെടുത്തുന്നു.

3. പ്രോജക്ട് നം. 84/21-22 സബ്സെന്ററുകൾക്ക് വാടക

അടങ്കൽ – 40000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)

ചെലവ് – 40000/- (ട്രഷറി ബിൽ നം. 11/21-22/11.2.22 - 20720/-)

( ട്രഷറി ബിൽ നം. 21/21-22/30.3.22 - 19280/-)

സബ്സെന്ററുകൾ പ്രവർത്തിക്കുന്ന 520-ാം നമ്പർ കെട്ടിടത്തിന് 11/2020 മുതൽ 03/21 വരെയും 13/201-ാം നമ്പർ കെട്ടിടത്തിന് 12/20 മുതൽ 3/21 വരെയും വാടക കുടിശ്ശികയുള്ളപ്പോൾ 2021-22 സാമ്പത്തികവർഷത്തെ വാടക പൂർണ്ണമായും നല്കിയിട്ടുണ്ട്. കുടിശ്ശിക നല്കാതെ ഈ സാമ്പത്തിക വർഷത്തെ ഉക നല്കിയതിന് വിശദീകരണം തേടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.24/20.8.21) സബ്സെന്ററുകളുടെ വാടകയ്ക്കുള്ള പ്രോജക്ട് കഴിഞ്ഞവർഷമാണ് അംഗീകരിച്ചതെന്നും അതിനാലാണ് കഴിഞ്ഞ സാമ്പത്തികവർഷത്തെ വാടക ആദ്യം നല്കിയതെന്നും പഞ്ചായത്തിൽ നിന്നും കുടിശ്ശിക ഉള്ള സമയത്തെ വാടക നല്കുന്നതിന് അപേക്ഷ നല്കിയെങ്കിലും താമസിച്ചാണ് അതിനുള്ള അംഗീകാരം നല്കിയതെന്നുമാണ്. എന്നാൽ ഈ മറുപടി ശരിയല്ല. 520-ാം നമ്പർ കെട്ടിടത്തിന് 2020 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള വാടകയും 2021-22 വർഷത്തെ വാടക പൂർണ്ണമായും 13/201-ാം നമ്പർ കെട്ടിടത്തിന് 2020 ഏപ്രിൽ മുതൽ നവംബർ വരെയുള്ള വാടകയും 2021-22 വർഷത്തെ വാടക പൂർണ്ണമായുമാണ് ഈ പ്രോജക്ട് പ്രകാരം നല്കിയിട്ടുള്ളത്. രണ്ടു കെട്ടിടങ്ങളുടെയും ഇടയ്ക്കുള്ള മാസങ്ങളിലെ വാടകയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്.

വാടക നല്കുമ്പോൾ കുടിശ്ശിക ക്രമപ്രകാരം തീർത്ത് നല്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പ്രോജക്ട് നം. 79/21-22- ആർദ്രം പദ്ധതി - താൽക്കാലിക ജീവനക്കാർക്കുള്ള ഹോണറേറിയം - 10580/- രൂപ നിരാകരിക്കുന്നു.

അടങ്കൽ – 1423200/- (തനത് ഫണ്ട് )
ചെലവ് – 737009/- (പ്രതിമാസ വേതനമിനത്തിൽ 12 മാസങ്ങളിലായുള്ള വിവിധ ട്രഷറി ബില്ലുകൾ)
എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ ഉത്തരവ് നം. NHM/3061/CON(ADMN)/2020/SPMSU, Dated.26.9.20 പ്രകാരം വിവിധ വിഭാഗം എൻ.എച്ച്.എം.നു കീഴിൽ നിയമിതരായിട്ടുള്ള കോവിഡ് ബ്രിഗേഡിൽ ഉൾപ്പെട്ടിട്ടുള്ള താൽക്കാലിക ജീവനക്കാർക്ക് കോവിഡ് സ്പെഷ്യൽ അലവൻസ്, റിസ്ക് അലവൻസ് എന്നീ ഇനങ്ങളിൽ തുക നല്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

എ) മേൽ ഉത്തരവ് പ്രകാരം നഴ്സിന് റിസ്ക് അലവൻസ്/സ്പെഷ്യൽ അലവൻസ് ഉൾപ്പെടെ ആകെ 24250/- (17000+7250)രൂപ നല്കുന്നതിന് ആശുപത്രി വികസന സമിതി തീരുമാനിച്ചിരുന്നു. 8.3.21 ലെ ട്രഷറി ബിൽ (സാങ്ഷൻ ഓർഡർ നം.424/8.3.22) പ്രകാരം 2/2022 ലെ വേതനമിനത്തിൽ നല്കിയിരിക്കുന്ന 138051/- രൂപയിൽ നഴ്സ് ആതിര.എം.ന് 53180/- രൂപ നല്കിയിട്ടുണ്ട്. ഇതിൽ 17000/- രൂപ 2/22 ലെ വേതനവും 29000/- രൂപ 4/21, 5/21, 6/21, 7/21 എന്നീ മാസങ്ങളിലെ (7250x4) റിസ്ക് അലവൻസുമാണ്. ആകെ 46000/- രൂപ. അധികമായി 7180/- രൂപ നല്കിയിരിക്കുന്നു.

ബി) എച്ച്.എം.സി. തീരുമാനപ്രകാരം എച്ച്.എം.സി. നിയമിച്ചിരിക്കുന്ന ലാബ് ടെക്നീഷ്യന് 400/- രൂപ ദിനവേതനം എന്നതിൽ മാറ്റമില്ലാതെ പ്രതിമാസം പരമാവധി 14000/- രൂപ നല്കുന്നതിനും തുക എച്ച്.എം.സി. ഫണ്ട് അപര്യാപ്തമായതിനാൽ ദിനവേതനത്തിൽ അധികരിച്ചുള്ള തുക കോവിഡ് സ്പെഷ്യൽ അലവൻസായി നല്കുന്നതിനും തീരുമാനിച്ചിരുന്നു. ആയതുപ്രകാരം 28.9.21 ലെ ട്രഷറി ബിൽ പ്രകാരം 8/2021 ലെ വേതനമിനത്തിൽ നല്കിയിരിക്കുന്ന 40323/- രൂപയിൽ (സാങ്ഷൻ ഓർഡർ നം.144/7.10.21) ലാബ് ടെക്നീഷ്യൻ ഗ്രീഷ്മ ദാസിന് വേതനമിനത്തിൽ 9600/- രൂപയും (24 ദിവസത്തെ വേതനം X 400) ഹാജരായ ദിവസത്തിനാനുപാതികമായി കോവിഡ് സ്പെഷ്യൽ അലവൻസ് 3323/- രൂപയും ഉൾപ്പെടെ 12923/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ 9.11.21 ലെ ട്രഷറി ബിൽ (സാങ്ഷൻ ഓർഡർ നം.200/9.11.2021) പ്രകാരം 10/2021 ലെ വേതനമിനത്തിൽ നല്കിയിരിക്കുന്ന 44400/- രൂപയിൽ ലാബ് ടെക്നീഷ്യൻ ഗ്രീഷ്മ ദാസിന് വേതനമിനത്തിൽ 14000/- രൂപയും ആഗസ്റ്റ് മാസത്തെ കോവിഡ് സ്പെഷ്യൽ അലവൻസായി 3400/- രൂപയും ഉൾപ്പെടെ 17400/- രൂപ നല്കിയിട്ടുണ്ട്. അതായത് ആഗസ്റ്റ് മാസത്തിലെ കോവിഡ് സ്പെഷ്യൽ അലവൻസായി 3400/- രൂപ വീണ്ടും അനുവദിച്ചിരിക്കുകയാണ്.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/20.8.21) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾക്ക് വിശദീകരണം നല്കിയില്ല. ആയതിനാൽ 10580/- (7180+3400) രൂപയുടെ ചെലവ് നിരാകരിക്കുന്നു.
ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 1-20 കടത്ത് സംബന്ധിച്ച് കരാർ വയ്ക്കാതെയും ഫിറ്റ്നെസ് ഇല്ലാതെയും കടത്തുകാരന് വേതനം നല്കി-

19.02.2021 ൽ നടത്തിയ ലേലത്തിൽ ശ്രീ.ഹർഷകുമാർ, ചേരിതുരുത്ത്, അഞ്ചുതുരുത്ത് എന്നയാൾക്ക് ഊടുപുഴ കടത്ത് നല്കിയിട്ടുണ്ട്. ടിയാൾക്ക് 4/21 മുതൽ പ്രതിമാസം കരാർ വേതനം നല്കുന്നുണ്ടെങ്കിലും ടിയാൻ കരാർ ചമയ്ക്കുകയോ വള്ളത്തിന്റെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യാതിരുന്നതിനാൽ 27.7.21 ൽ ടിയാന് നോട്ടീസ് നല്കിയിരുന്നു. ആയതിനുശേഷം 2.8.21 ലാണ് ടിയാൻ കരാർ ചമയ്ക്കുകയും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നേടുകയും ചെയ്തിട്ടുള്ളത്. കരാർ വയ്ക്കാതെയും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെയും 3 മാസം കടത്ത് നടത്തുന്നതിന് വേതനം നല്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/21-22/15-08-2022) ലഭ്യമാക്കിയ മറുപടിയിൽ അഞ്ചുതുരുത്ത് നിവാസികൾക്ക് മറ്റ് യാത്രാമാർഗ്ഗം ഇല്ലാത്തതിനാലാണ് കടത്തിറക്ക് നടത്താൻ അനുവദിച്ചത് എന്നാണ്. എന്നാൽ ലേലത്തിനുശേഷം കടത്തിറക്ക് ആരംഭിക്കാൻ ഒന്നരമാസത്തോളം സമയമുണ്ടായിരുന്നതാണ്. എന്നാൽ ടിയാന് നോട്ടീസ് നല്കിയിട്ടുള്ളത് ലേലത്തിന് 5 മാസങ്ങൾക്കുശേഷമാണ്. കൂടാതെ ഇത് റിസ്ക് വിഭാഗത്തിൽപ്പെടുന്ന ഒരു പ്രവർത്തിയുമാണ്. ടിയാൻ മുൻവർഷം ഈ കടത്ത് ലേലം കൊണ്ടിരുന്ന ആളുമല്ല. ആയതിനാൽ ഈ വള്ളത്തിന് മുൻവർഷം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഉള്ളതായി കരുതാനും നിർവ്വാഹമില്ല.

ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പൊതുഗതാഗതത്തിനായി ഒരു വാഹനം ഉപയോഗിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും, ലേലം ഉറപ്പിക്കുന്നതിനനുബന്ധമായി യഥാസമയം കരാർ ചമയ്ക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 46237/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.11/21-22- ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ
അടങ്കൽ- 100000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)
ചെലവ് – 100000/- ( ട്രഷറി ബിൽ റഫ നം.21060752014100467813/30.9.21)

മേൽ പ്രോജക്ട് പ്രകാരം 100000/- രൂപ 30.9.21 ൽ ഹോംകോയ്ക്ക് നല്കിയിട്ടുണ്ടെങ്കിലും ഇൻവോയ്സ് നം. LF-100/2.6.22 പ്രകാരം 53763/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായ വിവരം അറിയിക്കേണ്ടതിനായി ഓഡിറ്റ് എൻക്വയറി (നം.23/20.8.22) നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ 4.8.22 ൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് കത്ത് നല്കിയതായി മെഡിക്കൽ ഓഫീസർ അറിയിക്കുകയുണ്ടായി. 46237/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 46237/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 അഗതി ആശ്രയ ഭവന നിർമ്മാണം - 2014-15 വർഷം ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

പാണാവള്ളി ഗ്രാമപഞ്ചായത്തിലെ അഗതി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട 15 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി ഒരു വീടിന് 2,50,000/- എന്ന നിരക്കിൽ കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും 2014-15 വർഷം 37,50,000/- അനുവദിച്ചിരുന്നു. ജില്ലാമിഷൻ കോ-ഓഡിനേറ്ററുടെ 25.12.2014, 10.03.2015, 16.03.2015 എന്നീ തീയതികളിലെ KSA/4548/2014 നമ്പർ ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ അഗതി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട 13 എസ്.സി ഗുണഭോക്താൾക്കും 2 ജനറൽ വനിതാ ഗുണഭോക്താക്കൾക്കുമായിട്ടാണ് ടി തുക ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. വേലായുധൻ വട്ടച്ചിറനികർത്ത് (എസ്.സി), പിങ്കി മാവുങ്കൽ വെളി (ജനറൽ), ഓമന കിഴക്കേ മായിത്തറ (ജനറൽ) എന്നീ മൂന്ന് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനായി സി.ഡി.എസ് മുഖേന 7,50,000/- രൂപ 2017-18 വർഷം ചെലവഴിച്ചതായി സി.ഡി.എസ് ചെയർപേഴ്സൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന 30,00,000/- രൂപ ജില്ലാ സഹകരണ ബാങ്കിലെ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഗതി ആശ്രയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി പഞ്ചായത്തിന്റെ അപേക്ഷ പ്രകാരം ജില്ലാമിഷനിൽ നിന്നും ലഭിച്ച തുക നാളിതുവരെ ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.13/18.8.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അഗതി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി പ്രകാരം വീട് അനുവദിക്കുന്നതിനാൽ ജില്ലാമിഷനിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. 2014-15 വർഷം ലഭിച്ച ഫണ്ട് യഥാസമയം വിനിയോഗിക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ജില്ലാപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും കുടുംബശ്രീ ജില്ലാമിഷൻ മുഖേന പ്രത്യേക ഉദ്ദേശ ഗ്രാന്റായി ലഭിച്ച ടി തുകയിൽ ശേഷിക്കുന്ന 30,00,000/- രൂപ എത്രയുംവേഗം സർക്കാരിലേയ്ക്ക് തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ഇടവിള കൃഷി (പ്രോ.നം 03/22) – അപാകതകൾ.

കൃഷി ഓഫീസർ 2021-22 വർഷം നടപ്പാക്കിയ ഇടവിള കൃഷി എന്ന പ്രോജക്ടിനായി കെയ്കോ അമ്പലപ്പുഴ യൂണിറ്റിൽ നിന്നും 2000 എണ്ണം ഇടവിള കൃഷി കിറ്റുകൾ വാങ്ങി വാർഡ് അടിസ്ഥാനത്തിൽ വിതരണം നടത്തിയിട്ടുണ്ട്. ഇതിനായി പൊതുവിഭാഗം പ്ലാൻ ഫണ്ടിൽ നിന്നും 6,00,000/- രൂപ (ബിൽ നം-03/06.01.2022) ചെലവഴിച്ചിട്ടുണ്ട്. കെയ്കോയുടെ ഇൻവോയ്സ് (നം AMB/78/2021-22/ 8.11.2021) പരിശോധിച്ചതിൽ, 300/- രൂപ വിലയുള്ള ഒരു കിറ്റിൽ ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വിത്തിനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഒരോ കിറ്റിലും ഉൾപ്പെടുത്തിയിട്ടുള്ള വിത്തിനങ്ങളുടെ അളവോ നിരക്കോ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല. വിതരണ രജിസ്റ്ററിലും വിത്തിനങ്ങളുടെ അളവ് രേഖപ്പെടുത്തിയിട്ടില്ല. ജില്ലാതല യൂണിറ്റ് കോസ്റ്റിന് ആനുപാതികമായി 2.5 Kg ഇഞ്ചിയും 2 Kg മഞ്ഞളും ഓരോ കിറ്റിലും ഉൾപ്പെട്ടിരുന്നുവെന്ന് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 28/22.8.2022) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്.

ഓരോ ഇടവിള കൃഷി കിറ്റിലും ഉൾക്കൊള്ളിച്ചിട്ടുള്ള സാധനങ്ങളുടെ നിരക്കും അളവും കൃത്യമായി ഇൻവോയ്സിൽ രേഖപ്പെടുത്തേണ്ടത് വിതരണ സ്ഥാപനമായ കെയ്കോയുടെ ഉത്തരവാദിത്വമാണ്. അതുപോലെ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ ഇവ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയുമാണ്. ഇൻവോയ്സിലോ, വിതരണ രജിസ്റ്ററിലോ കൃത്യമായ അളവും നിരക്കും രേഖപ്പെടുത്തിയിട്ടില്ലായെന്നിരിക്കെ യൂണിറ്റ് കോസ്റ്റിന് ആനുപാതികമായി 2.5 Kg ഇഞ്ചിയും 2 Kg മഞ്ഞളും ഓരോ കിറ്റിലും ഉൾപ്പെട്ടിരുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പാക്കിയതെങ്ങനെയെന്ന് വ്യക്തമല്ല. പദ്ധതി നിർവ്വഹണത്തിൽ സൂക്ഷ്മതയും സുതാര്യതയും ഉറപ്പാക്കേണ്ടതിനായി ഇത്തരം പോരായ്മകൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ഒടുക്കാതെ വിതരണ സ്ഥാപനത്തിന് നേരിട്ട്

നൽകി

തൻവർഷം കൃഷി വകുപ്പും ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കിയ സമഗ്ര നാളികേര വികസന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പാക്കിയ പദ്ധതിയാണ് കേരഗ്രാമം (പ്രോ.നം. 02/2022). ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുള്ള കേരകർഷകർക്ക് ആവശ്യമായ ജൈവവളം (ഫിഷ് മീൽ) സബ്സിഡി നിരക്കിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് വാങ്ങി വിതരണം ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. മത്സ്യഫെഡിൽ നിന്നും 80,250 കിലോഗ്രാം ഫിഷ് മീൽ വാങ്ങുന്നതിനായി 13,48,200 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുകയിൽ 6,74.100 രൂപ പദ്ധതി വിഹിതവും 6,74.100 ഗുണഭോക്തൃ വിഹിതവുമാണ്. ഫയൽ പരിശോധിച്ചതിൽ, മത്സ്യഫെഡിൽ നിന്നും കൃഷി ഓഫീസർ വളം വാങ്ങി കർഷകർക്ക് വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ, ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം രസീത് പ്രകാരം പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതും പിന്നീട് ചെക്ക് പ്രകാരം പിൻവലിച്ച് വിതരണ സ്ഥാപനങ്ങൾക്ക് നൽകുകയുമാണ് ചെയ്യേണ്ടത്. എന്നാൽ ഇവിടെ നിർവ്വഹണ ഉദ്യോഗസ്ഥ ശേഖരിച്ച ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ഒടുക്കാതെ നേരിട്ട് സ്ഥാപനത്തിന് നൽകുകയാണ് ചെയ്തിട്ടുള്ളത്.

2020-21 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ അടവാക്കിയ ഗുണഭോക്തൃ വിഹിതമായ 3,52,500/- രൂപ ഒരു വർഷത്തിന് ശേഷം (27.3.2022ൽ) മാത്രമാണ് പഞ്ചായത്ത് വിതരണ സ്ഥാപനത്തിന് കൈമാറിയതെന്നും തൻവർഷം യഥാസമയം വിതരണ സ്ഥാപനത്തിന് തുക നൽകുന്നതിന് വേണ്ടിയാണ് ഗുണഭോക്തൃ വിഹിതം നേരിട്ട് നൽകിയതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 28/22.8.2022) മറുപടി നൽകിയത്.

ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിന് പഞ്ചായത്തിന്റെ രസീത് ബുക്ക് മാത്രമാണ് ഉപയോഗിക്കേണ്ടത്. രസീത് ബുക്ക് ഒഴിവാക്കിയുള്ള പണപ്പിരിവ് സാമ്പത്തിക ക്രമക്കേടിന് വഴിവെക്കുമെന്നുള്ളതിനാൽ ആയത് കർശനമായും ഒഴിവാക്കേണ്ടതാണ്. കൂടാതെ ഓരോ പ്രോജക്ടുമായി ബന്ധപ്പെട്ട മുഴുവൻ ചെലവുകളും പഞ്ചായത്തിന്റെ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യപ്പെടേണ്ടതുണ്ട്. പഞ്ചായത്തിൽ ഒടുക്കുന്ന ഗുണഭോക്തൃ വിഹിതം യഥാസമയം വിതരണ സ്ഥാപനത്തിന് കൈമാറുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 അനുപൂരക പോഷകാഹാര പദ്ധതി - അനുവദിച്ച കേന്ദ്രവിഹിതം ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി ഓരോ വർഷവും ലഭിക്കുന്ന കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിക്കുന്നതായി കാണുന്നില്ല. തൻവർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച ഫണ്ട് കൃത്യമായി വിനിയോഗിക്കാതിരുന്നതുമൂലം 21,80,837 രൂപ അക്കൗണ്ടിൽ ശേഷിക്കുന്നുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം | കമ്മി |
|---|---|---|---|---|
| 2013-14 | 686832 | 456994 | 229838 | |
| 2014-15 | 268118 | 16314 | 251804 | |
| 2015-16 | 319462 | 91365 | 228097 | |
| 2016-17 | 776401 | 464478 | 311923 | |
| 2017-18 | 916195 | 631249 | 284946 | |
| 2018-19 | 773725 | 800000 | - | 26275 |
| 2019-20 | 941071 | 449318 | 491753 | |

| | | | | |
|---|---|---|---|---|
| 2020-21 | 976996 | 701537 | 275459 | |
| 2021-22 | 824720 | 856498 | - | 31778 |

2012-13 വർഷത്തെ നീക്കിയിരുപ്പ് തുകയായ 165070 രൂപ ഉൾപ്പെടെ 21,80,837 രൂപ ഇപ്പോഴും ചെലവഴിക്കാതെ അവശേഷിക്കുന്നു. മുൻവർഷങ്ങളിൽ ചാർജ് വഹിച്ചിരുന്ന സൂപ്പർവൈസർമാർ അതാത് വർഷത്തെ തുക പൂർണ്ണമായി ചെലവഴിക്കാതിരുന്നതുകൊണ്ടാണ് ഇത്രയധികം തുക ചെലവഴിക്കാതെ പോയതെന്നും അടുത്ത സാമ്പത്തിക വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി ടി തുക ഉൾപ്പെടുത്തുന്നതാണ് എന്നാണ് ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 14/18.8.2022)മറുപടി നൽകിയത്. വികസന ഫണ്ട് വിഹിതം അംഗനവാടികളുടെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിനും അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി കേന്ദ്ര വിഹിതത്തിലെ നീക്കിയിരുപ്പ് തുക പരമാവധി വിനിയോഗിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 സ്ട്രീറ്റ് ലൈൻ നീട്ടൽ -- പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ എസ്.സി കോളനികളിലേയ്ക്കുള്ള താഴെപറയുന്ന റോഡുകളിൽ തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കുന്നതിനായി അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സ്ട്രീറ്റ് ലൈൻ നീട്ടൽ (പ്രോ.നം-121/22) എന്ന പ്രോജക്ട് പ്രകാരം 3,77,576 രൂപ കെ.എസ്.ഇ.ബി ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക |
|---|---|---|
| 01 | കുന്നുപറമ്പ് - കാരളപ്പതി റോഡ് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ. | 113020 |
| 02 | കൈനകരി - അരാമശേരി റോഡ് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ. | 99380 |
| 03 | കാരളപ്പതി - തൈശ്ശേരി റോഡ് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ. | 107580 |
| | ആകെ | 319980 |
| | ജി.എസ്.ടി | 57596 |
| | ഒട്ടാകെ | 377576 |

മേൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ മേൽ പദ്ധതിയ്ക്കായി വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച 377576 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 12/18.8.2022) മറുപടി ലഭ്യമാക്കിയില്ല.

വിവിധ ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾക്കായി തൻവർഷത്തേത് ഉൾപ്പെടെ 44,29,988/- രൂപ കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇവ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി ഡെപ്പോസിറ്റ്

രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഒന്നുംതന്നെയില്ല. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കേണ്ടതാണ്.

ചെലവ് വിവരം

ബിൽ നം 279/29.12.2021 – തുക 377576/-

## 1-27 മെറിറ്റോറിയസ് സ്കോളർഷിപ്പ് - അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു.

2021-22 വർഷത്തേയ്ക്കുള്ള സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് മെഡിക്കൽ കോഴ്സിന് 50,000/- രൂപയും എഞ്ചിനീയറിംഗ് കോഴ്സിന് 25,000/- രൂപയും മറ്റ് ബിരുദ, പോളിടെക്നിക്ക് കോഴ്സുകൾക്ക് 20,000/- രൂപയും ബിരുദാനന്തര കോഴ്സുകൾക്ക് 30,000/- രൂപയും മറ്റെല്ലാ സർക്കാർ അംഗീകൃത കോഴ്സുകൾക്കും 15000/- രൂപയുമാണ് പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പായി ഓരോ വർഷവും അനുവദിക്കാവുന്നത്. മാർഗ്ഗരേഖ പ്രകാരം സംസ്ഥാനത്തിനുള്ളിൽ ജനറൽ നഴ്സിംഗ് & മിഡ് വൈഫറി ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിയ്ക്ക് 15,000/- രൂപയാണ് മെറിറ്റോറിയസ് സ്കോളർഷിപ്പായി നൽകാവുന്നത്. എന്നാൽ 2021-22 വർഷം മരട് പി.എസ് മിഷൻ ഹോസ്പിറ്റൽ & സ്കൂൾ ഓഫ് നഴ്സിംഗിൽ പഠിച്ചിരുന്ന അയന പി.വി എന്ന വിദ്യാർത്ഥിയ്ക്ക് 20,000/- രൂപയാണ് മെറിറ്റോറിയസ് സ്കോളർഷിപ്പായി നൽകിയിട്ടുള്ളത്. അധികം ചെലവഴിച്ച 5000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

അധികം നൽകിയ തുക 2022-23 വർഷത്തെ സ്കോളർഷിപ്പ് തുകയിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് (നം. 29/22.8.2022) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

ചെലവ് വിവരം.

ബിൽ നം. 12/26.12.2021 – 20,000/-

## 1-28 അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 4,90,000/- രൂപ വകയിരുത്തി അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി നടപ്പാക്കിയ ടി പ്രോജക്ട് പ്രകാരം GeM പോർട്ടൽ മുഖേന എസ്.ആർ.എസ് അസോസിയേറ്റ്സ് തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 11 എണ്ണം Aquaguard Portable Water Purification System വാങ്ങി 11 അംഗനവാടികളിൽ സ്ഥാപിച്ചിട്ടുണ്ട്. എസ്.ആർ.എസ് അസോസിയേറ്റ്സിന്റെ ഇൻവോയ്സ് (നം 45/15.3.2021) പരിശോധിച്ചതിൽ, മണിക്കൂറിൽ 25 ലിറ്റർ വെള്ളം ശുദ്ധീകരിക്കുവാൻ ശേഷിയുള്ള പ്രസ്തുത വാട്ടർ പ്യൂരിഫയറിന്റെ യൂണീറ്റ് കോസ്റ്റ് 41,325/- രൂപയാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 4,54,575/- ചെലവഴിച്ച് വാങ്ങിയ വാട്ടർ പ്യൂരിഫയർ കൈപ്പറ്റിയ അങ്കണവാടികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | അങ്കണവാടി നമ്പർ | കുട്ടികളുടെ എണ്ണം | ക്രമ നം | അങ്കണവാടി നമ്പർ | കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|
| 01 | 44 | 15 | 07 | 60 | 09 |
| 02 | 45 | 10 | 08 | 62 | 12 |
| 03 | 50 | 18 | 09 | 63 | 11 |
| 04 | 52 | 11 | 10 | 64 | 20 |

| | | | | | |
|---|---|---|---|---|---|
| 05 | 55 | 10 | 11 | 67 | 08 |
| 06 | 67 | 08 | | | |

വളരെ കുറച്ച് കുട്ടികൾ മാത്രം പഠിക്കുന്ന അങ്കണവാടികളിൽ മണിക്കൂറിൽ 25 ലിറ്റർ വെള്ളം ശുദ്ധീകരിക്കുവാൻ ശേഷിയുള്ള വാട്ടർ പ്യൂരിഫയറിന്റെ ആവശ്യകത ഇല്ലെന്നിരിക്കെ ഇത്തരത്തിലുള്ള വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനായി ധനകാര്യ കമ്മീഷൻ വിനിയോഗിച്ചതിന്റെ കാരണം വ്യക്തമല്ല. കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് മാർച്ച് മാസത്തിലാണ് ലഭിച്ചതെന്നും ടൈഡ് ഗ്രാന്റായി ലഭിച്ച ടി തുക കുടിവെള്ള പദ്ധതിയ്ക്ക് ഉപയോഗിക്കേണ്ടതിനാലാണ് ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് (നം 15/18.8.2022) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്.

പദ്ധതി ആസൂത്രണ വേളയിൽ ടി പദ്ധതിയുടെ ആവശ്യകതയെക്കുറിച്ച് വർക്കിംഗ് ഗ്രൂപ്പുകളിലോ പ്രൊക്യൂർമെന്റ് കമ്മിറ്റിയിലോ വേണ്ടത്ര ചർച്ച നടന്നിട്ടില്ലായെന്ന് വ്യക്തമാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് എങ്ങനെയെങ്കിലും ചെലവഴിക്കുകയെന്നത് മാത്രമാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. അംഗനവാടികളിലെ ആവശ്യത്തിനായി ഇതിന്റെ അഞ്ചിലൊന്ന് ശേഷിയുള്ള വാട്ടർ പ്യൂരിഫയർ വളരെ കുറഞ്ഞ വിലയ്ക്ക് ലഭിക്കുമെന്നിരിക്കെ വലിയ സ്കൂളുകളിൽ സ്ഥാപിക്കാവുന്ന ഇത്തരം വാട്ടർ പ്യൂരിഫയർ വിരലിലെണ്ണാവുന്ന കുട്ടികളുള്ള അംഗനവാടികളിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചത് അധിക ചെലവിന് കാരണമായതായി ഓഡിറ്റിൽ വിലയിരുത്തുന്നു.

പദ്ധതി ആസൂത്രണ വേളയിൽ വർക്കിംഗ് ഗ്രൂപ്പുകളിലും സ്റ്റാന്റിംഗ് കമ്മിറ്റികളിലും ഓരോ പദ്ധതിയുടേയും ആവശ്യകതയും ഫലപ്രാപ്തിയും വിശദമായി ചർച്ച ചെയ്യേണ്ടതാണ്. എങ്ങനെയെങ്കിലും പദ്ധതി വിഹിതം ചെലവഴിക്കുകയെന്ന സമീപനം അംഗീകരിക്കാവുന്നതല്ല.

## 1-29 പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല-

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | NonDomestic Water Connection To MCF In Panavally GP Project No.219/22 MCF Wiring And Water Connection | 22100487 Dt.30/09/2021 | 11500 | | 11500 |
| KSEB | Project No.186/22 Street Line Extension In Ward 12 | 22101086 Dt.23/11/2021 | 395748 | | 395748 |
| | Project No.187/22 Street Line Extension In Ward 2 | 22101156 Dt.17/1/2022 | 200000 | | 200000 |
| | Project No.114/22 Street Line Extension | 22101457 Dt.01/03/2022 | 69288 | | 69288 |
| | Project No.235 /22 Street Line Extension In Ward3 | 22101242 Dt.07/03/2022 | 94819 | | 94819 |
| | Project No.187/22 Street Line Extension In Ward 2 | 22101352 Dt.27/3/2022 | 294130 | | 294130 |
| | Project No.188/22 Waste Disposal, Installation Of | 22101401 Dt.31/03/2022 | 400000 | | 400000 |

| | | | | | |
|---|---|---|---|---|---|
| | CCTV | | | | |
| | Project No.185/22 Panchayat Office Shifting | 22100805 Dt. 01/01/2022 | 219856 | | 219856 |
| | ആകെ | | 1685341 | | |

പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/19.8.22) പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലായെന്നും ലഭ്യമാവുന്ന മുറയ്ക്ക് ആയവ ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1685341/-രൂപ തടസ്സപ്പെടുത്തുന്നു

## 1-30 കാലിവീപ്പയുടെ വില തനതുഫണ്ടിൽ സൂക്ഷിക്കുന്നത് തിരികെ ഒടുക്ക് വരുത്താത്തത് സംബന്ധിച്ച്-

പാണാവള്ളി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുകയാണ്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. കൂടാതെ തിരികെ ഈടാക്കിയ തുകയിൽ നിന്നും 18% ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി അക്കൗണ്ടിലേക്ക് തിരികെ ഒടുക്ക് വരുത്തേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | ആകെ ചെലവ് | ബാരലിന്റെ വില |
|---|---|---|---|---|
| 1 | പൊറ്റെത്തറ കോളനി റോഡ് ടാറിങ് | എസ്.സി.പി | 373413 | 4720 |
| 2 | ഇ.കെ നായനാർ വലക്കടവ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് | 390077 | 2655 |
| 3 | സൂര്യംകുന്ന് എകെജി റോഡ് ടാറിങ് | വികസനഫണ്ട് | 414303 | 1770 |
| 4 | വീരമംഗലം നാൽപത്തെണ്ണീശ്വരം റോഡ് റീ ടാറിങ് | മെയിന്റനൻസ് ഗ്രാന്റ് | 938438 | 12685 |
| 5 | അറക്കൻവേലി റോഡ് മെറ്റലിങ് ടാറിങ് | മെയിന്റനൻസ് ഗ്രാന്റ് | 1040807 | 2950 |
| 6 | ശങ്കരമംഗലം കുട്ടഞ്ചേരി റോഡ് ടാറിങ് | മെയിന്റനൻസ് ഗ്രാന്റ് | 493853 | 3540 |
| 7 | ചിറ്റയിൽ കുത്തുകാട്ട് റോഡ് W-13 ടാറിങ് | മെയിന്റനൻസ് ഗ്രാന്റ് | 632493 | 4130 |
| | | | | |

## 1-31 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാറുകാരിൽ നിന്നും ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ് /16/ആർഇജിഎസ്സ് സർക്കുലറിൽ, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതിയും കുറവ് ചെയ്യേണ്ടതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പഞ്ചായത്തിൽ തൻവർഷം താഴെപറയുന്ന മെറ്റീരിയൽ പ്രവർത്തികൾ നടപ്പാക്കിയിട്ടുണ്ട്. ടി പ്രവർത്തികളുടെ തുക ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ കരാറുകാർക്ക് മെറ്റീരിയൽ വില നൽകിയിട്ടില്ല. കരാറുകാർക്ക് തുക നൽകുമ്പോൾ നിയമാനുസൃതമുള്ള ജി.എസ്.ടിയും ആദായ നികുതിയും ഉറവിടത്തിൽ കുറവ് ചെയ്ത് ആദായ നികുതി, ജിഎസ്സ്ടി വകുപ്പുകളിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി കണക്കാക്കി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

| ക്രമ നം. | പ്രവൃത്തി/വർക്ക് കോഡ് | കരാറുകാരൻ | മെറ്റീരിയലിന്റെ വില. | ഈടാക്കേണ്ട ജി.എസ്.ടി @ 2% | ഈടാക്കേണ്ട ഐ.റ്റി @ 1% |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 01 | വാർഡ് 4ൽ ചാണിയിൽ ഇന്റർലോക്ക് ഫുട്പാത്ത് (RC/304836) | അക്ഷയ് ലാൽ | 335937 | 6719 | 3359 |
| 02 | വാർഡ് 14ൽ കളരിത്തറ- വാഴത്തറ നടപ്പാത നിർമ്മാണം (RC/297104) | അക്ഷയ് ലാൽ | 259927 | 5199 | 2599 |
| 03 | വാർഡ് 11ൽ കീഴോത്ത് ലൈൻ റോഡ് നിർമ്മാണം (RC/304077) | അക്ഷയ് ലാൽ | 445993 | 8919 | 4460 |
| 04 | വാർഡ് 12ൽ എസ്.എൻ.ഡി.പി - കാരവേലിയിൽ ക്ഷേത്രം നടപ്പാത ടൈൽ പാകൽ (RC/296005) | അക്ഷയ് ലാൽ | 413514 | 8270 | 4135 |
| 05 | വാർഡ് 12ൽ പെട്രോൾ - പമ്പ് വൈശ്യംപറമ്പ് ടൈൽ റോഡ് നിർമ്മാണം (RC/304035) | അക്ഷയ് ലാൽ | 396668 | 7934 | 3967 |
| 06 | വാർഡ് 11ൽ വലിയതറ – കുളത്താക്കൽ ടൈൽ റോഡ് നിർമ്മാണം (RC/302029) | അക്ഷയ് ലാൽ | 279660 | 5593 | 2797 |
| 07 | മാനംകുറിച്ചി വളവിൽ നടപ്പാത ഇന്റർലോക്കീംഗ് വാർഡ് 5 (RC/297807) | അനന്ത പൈ | 287902 | 5758 | 2879 |
| 08 | വളവിൽ ദാറുൽഹിക്കാം ഇന്റർലോക്കീംഗ് വാർഡ് 5 (RC/297808) | അനന്ത പൈ | 332527 | 6651 | 3325 |
| 09 | കുഴിപ്പറമ്പിൽ - വാഴക്കാട്ട് ഇന്റർലോക്കീംഗ് വാർഡ് 5 | അനന്ത പൈ | 258366 | 5167 | 2584 |
| 10 | ശ്രീകണ്ഠേശ്വരം - കുഴിക്കാട് റോഡ് നിർമ്മാണം രണ്ടാം ഘട്ടം (RC/324170) | അനന്ത പൈ | 436912 | 8738 | 4369 |
| 11 | വെള്ളേപ്പറമ്പ് നടപ്പാത ഇന്റർലോക്കിംഗ് (RC/302022) | അനന്ത പൈ | 441274 | 8825 | 4413 |
| 12 | നായനാർ-സിജി റോഡ്-ഇന്റർലോക്ക്-Dist.pant/Ward 12 | അനന്ത പൈ | 335103 | 6702 | 3351 |

| | | | | | |
|---|---|---|---|---|---|
| 13 | സോമഗിരി മാവുങ്കൽ റോഡ് ഇന്റർലോക്ക്/Ward 10(RC/305204) | അനന്ത പൈ | 380893 | 7617 | 3809 |
| 14 | കുന്നേൽ അരങ്കശ്ശേരി ഇന്റർലോക്ക് റോഡ്/Ward 10(RC/320273) | അനന്ത പൈ | 433355 | 8667 | 4334 |
| 15 | ശക്തിഭഗവതി-അരങ്കശ്ശേരി റോഡ്-ഇന്റർലോക്ക്-Dist.pant/Ward 10(RC/320284) | അനന്ത പൈ | 389539 | 7791 | 3895 |
| 16 | വടക്കേവെളി-പുന്നാത്തറ റോഡ് ഇന്റർലോക്ക് Ward 10(RC/302017) | അനന്ത പൈ | 379892 | 7597 | 3799 |
| 17 | പുതുശ്ശേരി-വശ്യംപറമ്പ് റോഡ്-ഇന്റർലോക്ക്-Dist.pant/Ward 12(RC/3020285) | അനന്ത പൈ | 351984 | 7039 | 3520 |
| 18 | നികർത്തിൽ റോഡ്-ഇന്റർലോക്ക് Ward 11(RC/302030) | അനന്ത പൈ | 268112 | 5362 | 2681 |
| 19 | മുഹിയിദ്ദീൻ പുത്തൻപള്ളി കുന്നേൽ ഇന്റർലോക്ക് റോഡ്/Ward 10 | അനന്ത പൈ | 393791 | 7875 | 3938 |
| 20 | അരങ്കശ്ശേരി-ശക്തിഭഗവതി റോഡ്-ഇന്റർലോക്ക്-Dist.pant/Ward 10(RC/320281) | അനന്ത പൈ | 386418 | 7728 | 3864 |
| 21 | ശ്രീകണ്ഠേശ്വരം-കുഴിക്കാട് റോഡ് -ഇന്റർലോക്ക് Ward 11(RC/302034) | അനന്ത പൈ | 611713 | 12234 | 6117 |
| 22 | പള്ളികുന്നേൽ റോഡ് ഇന്റർലോക്ക്/Ward 10(RC/302018) | അനന്ത പൈ | 411795 | 8235 | 4118 |
| 23 | ദിശ ഉള്ളാടത്തറ നടപ്പാത റോഡ് ഇന്റർലോക്ക്/Ward 3(RC/294961) | ബഷീർ ഇ.കെ. | 393844 | 7877 | 3938 |
| 24 | നീലംകുളങ്ങര പകൽവീട് ഇന്റർലോക്കിംഗ്/Ward 9(RC/304258) | പ്രവീൺ | 403636 | 8073 | 4036 |

| | | | | | |
|---|---|---|---|---|---|
| 25 | നീലംകുളങ്ങര പകൽവീട് ഇന്റർലോക്ക്/Ward 9(RC/304833) | പ്രവീൺ | 360350 | 7207 | 3604 |
| 26 | ശാസ്താംപാടത്ത് കൊട്ടടി റോഡ് മെറ്റലിംഗ് Ward 9(RC/296417) | പ്രവീൺ | 452424 | 9049 | 4524 |
| 27 | ആരാമശ്ശേരി പനക്കൽ റോഡ് ഇന്റർലോക്ക്/Ward 16(RC/304028) | പ്രവീൺ കുമാർ | 543214 | 10864 | 5432 |
| 28 | വാലെവെളി റോഡ് Ward 7(RC/321279) | ടി.ജെ.ജോബ് | 429633 | 8593 | 4296 |
| 29 | എം.ജി.റോഡ് - അടയത്ത് റോഡ് ഇന്റർലോക്കിംഗ്/Ward 2 | ടി.ജെ.ജോബ് | 383941 | 7679 | 3839 |
| 30 | കളരിക്കൽവെളി വാലെവെളി റോഡ് ഘട്ടം Ward 1/7(RC /307867) | ടി.ജെ.ജോബ് | 433702 | 8674 | 4337 |
| 31 | തൃച്ചാറ്റുകുളം ക്ഷേത്രം റോഡ് ഇന്റർലോക്കിംഗ്/Ward 1(RC/323006) | ടി.ജെ.ജോബ് | 375530 | 7511 | 3755 |
| 32 | കളരിക്കൽവെളി വാലെവെളി റോഡ് ഘട്ടം 2 Ward 7(RC/307868) | ടി.ജെ.ജോബ് | 358173 | 7163 | 3582 |
| 33 | കാട്ടുവള്ളി തൃച്ചാറ്റുകുളം ക്ഷേത്രം ഇന്റർലോക്ക്/ Ward 1(RC/303772) | ടി.ജെ.ജോബ് | 363217 | 7264 | 3632 |
| 34 | കളിസ്ഥല നിർമ്മാണം Ward 7 | ടി.ജെ.ജോബ് | 265507 | 5310 | 2655 |
| | ആകെ | | | 259884 | 129943 |

## 1-32 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

1-) അംഗീകൃത നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വേതനം അനുവദിച്ച് മസ്റ്റർ റോൾ തയ്യാറാക്കുന്നു.

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ള ടൈൽ റോഡ് നിർമ്മാണ പ്രവർത്തികളിൽ വിദഗ്ധ, അർദ്ധ വിദഗ്ധ തൊഴിലാളികളുടെ വേതനം സംബന്ധിച്ച് എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള നിരക്കിൽ നിന്നും വ്യത്യസ്തമായി കൂടിയ നിരക്കിൽ വേതനം അനുവദിച്ച് മസ്റ്റർ റോൾ തയ്യാറാക്കുന്നതായി കാണുന്നു. അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം റോഡ് ടൈൽ വിരിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് വിദഗ്ധ, അർദ്ധ വിദഗ്ധ തൊഴിലാളികൾക്ക് യഥാക്രമം 950 രൂപയും 850 രൂപയുമാണ് അനുവദിക്കാവുന്നത്. എന്നാൽ തൻവർഷം ഇതിൽ നിന്നും വ്യത്യസ്തമായി ഇന്റർലോക്കിംഗ് ടൈൽ വിരിക്കുന്നതിന് 2000/- രൂപ വീതം വേതനം നൽകുന്ന തരത്തിലാണ് മസ്റ്റർ റോൾ തയ്യാറാക്കിയിട്ടുള്ളത്. ഉദാഹരണത്തിന് "വാർഡ് 11ൽ ശ്രീകണ്ഠേശ്വരം - തൃപ്പാദപുരം റോഡ് ടൈൽ വിരിക്കൽ (RC-302034)" എന്ന പ്രവർത്തിയുടെ രണ്ടാം ഇനമായ ടൈൽ വിരിക്കലിന് തൊഴിലാളികൾക്ക് ഓരോ ദിവസവും 2000/- രൂപ നിരക്കിൽ

വേതനം നൽകിയതായിട്ടാണ് മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| മസ്റ്റർ റോൾ നം | ജോലിക്കാരന്റെ പേര് | മസ്റ്റർ റോൾ പ്രകാരം ജോലി ചെയ്ത ദിവസങ്ങൾ | മസ്റ്റർ റോൾ പ്രകാരമുള്ള വേതന നിരക്ക് | ആകെ നൽകിയ തുക |
|---|---|---|---|---|
| 17150 | ദാമോദരൻ | 18/1/22 മുതൽ 22/1/24 വരെ 5ദിവസം | 2000 | 10000 |
| 17151 | മാത്യു ജോൺ | 18/1/22 മുതൽ 22/1/24 വരെ 5ദിവസം | 2000 | 10000 |
| 17154 | ജോൺ കേശവൻ | 25/1/22 മുതൽ 31/1/22 വരെ 5 ദിവസം | 2000 | 10000 |
| 17155 | മാത്യു ജോൺ | 25/1/22 മുതൽ 31/1/22 വരെ 5 ദിവസം | 2000 | 10000 |
| 17156 | വർഗ്ഗീസ് സേവ്യർ | 25/1/22 മുതൽ 31/1/22 വരെ 5 ദിവസം | 2000 | 10000 |
| 17158 | ജോൺ വർഗ്ഗീസ് | 25/1/22 മുതൽ 31/1/22 വരെ 5 ദിവസം | 694 | 3470 |
| 20410 | വർഗ്ഗീസ് സേവ്യർ | 11/2/22 മുതൽ 17/2/22 വരെ 5 ദിവസം | 2000 | 10000 |
| 20411 | ദാമോദരൻ | 11/2/22 മുതൽ 17/2/22 വരെ 5 ദിവസം | 2000 | 10000 |
| 20412 | മാത്യു ജോൺ | 11/2/22 മുതൽ 17/2/22 വരെ 5 ദിവസം | 2000 | 10000 |
| 20413 | ജോൺ വർഗ്ഗീസ് | 11/2/22 മുതൽ 17/2/22 വരെ 5 ദിവസം | 2000 | 10000 |

അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവർത്തി മൂല്യനിർണ്ണയം പ്രകാരം വിദഗ്ധ, അർദ്ധ വിദഗ്ധ തൊഴിലാളികളുടെ വേതനമിനത്തിൽ അനുവദിക്കാവുന്ന തുകയായ 93470 രൂപയാണ് മസ്റ്റർ റോൾ പ്രകാരം പാസ്സാക്കിയതെന്നും മേലധികാരികളുടെ നിർദ്ദേശത്തെ തുടർന്ന് അനിശ്ചിത കാലത്തേയ്ക്ക് മസ്റ്റർ റോൾ തയ്യാറാക്കുവാനോ എഫ്.റ്റി.ഒ ജനറേറ്റ് ചെയ്യുവാനോ സാധിച്ചിരുന്നില്ലെന്നും പിന്നീട് ഒരു മസ്റ്റർ റോൾ 10,000/- രൂപയിൽ നിജപ്പെടുത്തി പാസ്സാക്കുവാൻ നിർദ്ദശിച്ചതുകൊണ്ടാണ് ഇത്തരത്തിൽ മസ്റ്റർ റോൾതയ്യാറാക്കി അളവ് പുസ്തകത്തിലെ തുകയുമായി പൊരുത്തപ്പെടുത്തിയതെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക്(30/22.8.22) മറുപടി നൽകിയത്.

ഓരോ ദിവസവും പ്രവർത്തി സൈറ്റിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പേരും അഡ്രസും വേതന നിരക്കും ജോലി ചെയ്ത ദിവസങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നതിനുള്ള ആധികാരിക രേഖയാണ് മസ്റ്റർ റോൾ. ഇതിലെ രേഖപ്പെടുത്തൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയാണ് വേതനം അനുവദിക്കേണ്ടത്. കൂടാതെ മറുപടിയിൽ പരാമർശിച്ച പ്രകാരം മസ്റ്റർ റോൾ അനുവദിക്കുന്നതിലെ നിയന്ത്രണം സംബന്ധിച്ച് ഇറക്കിയ ഉത്തരവുകളോ നിർദ്ദേശങ്ങളെ ഓഡിറ്റിൽ ഹാജരാക്കിയില്ല.

2-) അവിദഗ്ധ തൊഴിലാളികൾക്ക് പ്രോജക്ട് പ്രകാരമുള്ള വേതനം നൽകിയില്ല.

അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം ശ്രീകണ്ഠേശ്വരം - തൃപ്പാദപുരം ടൈൽ വിരിക്കൽ (RC-302034) എന്ന പ്രവർത്തിയുടെ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം 325 മീറ്റർ നീളത്തിൽ 3 വീതിയിൽ റോഡ് ടൈൽ വിരിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് 14,01,733രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 50121 രൂപ 172.237 എണ്ണം അവിദഗ്ധ തൊഴിൽ ദിനങ്ങൾക്കായാണ് നീക്കിവെച്ചിട്ടുള്ളത്. അതായത് തൊഴിലുറപ്പ് ജോലിയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള അവിദഗ്ധ തൊളിലാളികൾക്കായി ഒരു തൊഴിൽ ദിനത്തിന് 291 രൂപ നിരക്കിൽ 172.237 അവിദഗ്ധ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ, എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ളതു പ്രകാരം 325 മീറ്റർ നീളത്തിൽ റോഡ് നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിലും അംഗീകൃത എസ്റ്റിമേറ്റ് പ്രകാരമുള്ള അവിദഗ്ധ തൊഴിൽ ദിനങ്ങൾ നൽകിയിട്ടില്ല. 17147, 17148, 20408 എന്നീ മസ്റ്റർ റോൾ പ്രകാരം ലീന, ലളിത സുരേഷ് എന്നിവർക്കായി 36 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതിന് 10476രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റിൽ വിദഗ്ധ, അർദ്ധ വിദഗ്ധ തൊഴിലാളികൾക്കായി നീക്കിവെച്ചിരുന്ന മുഴുവൻ തുകയും നൽകുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള അത്രയും അവിദഗ്ധ തൊളിലാളികൾക്കായി മസ്റ്റർ റോൾ തയ്യാറാക്കിയിരുന്നുവെന്നും തൊഴിലാളികൾ ഹാജരാകാതിരുന്നതുകൊണ്ടാണ് രണ്ട് പേരെ മാത്രം ഉൾപ്പെടുത്തിയതെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി

നൽകിയത്.

3-) 80mm Thick Cc Paver Block പാകുന്നതിനായി അധിക നിരക്ക് നൽകിവരുന്നു

CPWD 16.91.2 സ്പെസിഫിക്കേഷൻ പ്രകാരം 80mm Thick Cc Paver Block പാകുന്നതിനായി 1 M3 ന് 638.95/m2 ഉം കോസ്റ്റ് ഇൻഡക്സ് 48.71% ഉൾപ്പെടെ 950.18 /M3 ആണ് അനുവദിക്കാവുന്ന നിരക്ക് എന്നിരിക്കെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൻവർഷം നടപ്പാക്കിയ ടൈൽ റോഡ് നിർമ്മാണ പ്രവർത്തിയുടെ ഭാഗമായി 80mm Thick Cc Paver Block പാകുന്നതിനായി 1 M3 ന് 1306.15/- എന്ന നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. തന്മൂലം ലക്ഷകണക്കിന് രൂപ തൻവർഷം റോഡ് നിർമ്മാണ പ്രവർത്തികൾക്ക് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. സെക്യൂർ സോഫ്റ്റ് വെയറിൽ ടിയിനത്തിന് കൂടിയ നിരക്ക് (1 M3 ന് 1306.15/-) ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. പൊതുമരാമത്ത്, തൊഴിലുറപ്പ് പദ്ധതികളിലെ നിരക്കുകൾ തമ്മിലുള്ള വൈരുദ്ധ്യം പരിശോധിച്ച് സെക്യൂർ സോഫ്റ്റ് വെയറിലെ നിരക്ക് കുറയ്ക്കുന്നതിനായി മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മഴക്കാല പൂർവ്വശുചീകരണം - തുക ചെലവഴിച്ചതിലെ അപാകത - 3600/- രൂപ നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലേക്കും മഴക്കാല പൂർവ്വ ശുചീകരണത്തിനായി 20000/- രൂപ വീതം ആകെ 360000/- രൂപ (ശുചിത്വമിഷൻ ഫണ്ട്-180000/-, തനത് ഫണ്ട്-180000/-) നിന്നും വാർഡ്തല ഹെൽത്ത് സാനിട്ടേഷൻ കമ്മറ്റി കൺവീനറുടെ(JPHN) അക്കൗണ്ടിലേക്ക് 16.7.21 ൽ നല്കിയിരുന്നു (വൗച്ചർ നം.22100256/16.7.21, ചെക്ക് നം. 044290). ഇതിൽ വാർഡ് 12 ൽ നല്കിയ തുകയുടെ ചെലവ് രേഖകളിൽ 25.11.21, 27.11.21 തീയതികളിലായി വൗച്ചർ നം. 1, 2 എന്നിവ പ്രകാരം 4 പേർക്ക് വീതം രണ്ട് ദിവസത്തേക്ക് 1125/- രൂപ നിരക്കിൽ കൂലി നല്കിയതായി കാണിച്ചിട്ടുണ്ട് (ആകെ 1125x8=9000/- രൂപ). സർക്കാർ ഉത്തരവ് (പി) നം. 29/2021/ധന., തീ.11.02.2021 പ്രകാരം ദിവസവേതനക്കാരുടെ വേതനം 675/- രൂപയാണ്. അധിക നിരക്കിൽ വേതനം നല്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/21.8.22) JPHN ലഭ്യമാക്കിയ മറുപടിയിൽ വൗച്ചർ തയ്യാറാക്കിയപ്പോൾ സംഭവിച്ച പിഴവാണെന്നും 563/- രൂപ നിരക്കിൽ 4 ദിവസമായി നടത്തിയ പ്രവർത്തിയാണെന്നുമാണ്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. വൗച്ചറുകളിലും മസ്റ്ററോളിലും രണ്ടുദിവസത്തെ പ്രവർത്തി ചെയ്തത് സംബന്ധിച്ചും 1125/- രൂപ വീതം കൂലി കൈപ്പറ്റിയതായും തൊഴിലാളികൾ ഒപ്പിട്ടു നല്കിയിട്ടുള്ളതാണ്. വേതനം നല്കിയിരിക്കുന്നത് എന്ത് പ്രവർത്തി ചെയ്തതിനാണെന്നും വ്യക്തമല്ല.

മേൽ സർക്കാർ ഉത്തരവിലും അധികരിച്ച് നല്കിയ 3600/- രൂപ (1125-675= 450x8) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ 12-ാം വാർഡ് JPHN നിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 പ്രോജക്ട് നം. 79/21-22- ആർദ്രം പദ്ധതി - താൽക്കാലിക ജീവനക്കാർക്കുള്ള ഹോണറേറിയം - 10580/- രൂപ നിരാകരിക്കുന്നു.

അടങ്കൽ – 1423200/- (തനത് ഫണ്ട് )

ചെലവ് – 737009/- (പ്രതിമാസ വേതനമിനത്തിൽ 12 മാസങ്ങളിലായുള്ള വിവിധ ട്രഷറി ബില്ലുകൾ)

എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ ഉത്തരവ് നം. NHM/3061/CON(ADMN)/2020/SPMSU, Dated.26.9.20 പ്രകാരം വിവിധ വിഭാഗം എൻ.എച്ച്.എം.ന കീഴിൽ നിയമിതരായിട്ടുള്ള കോവിഡ് ബ്രിഗേഡിൽ ഉൾപ്പെട്ടിട്ടുള്ള താൽക്കാലിക ജീവനക്കാർക്ക് കോവിഡ് സ്പെഷ്യൽ അലവൻസ്, റിസ്ക് അലവൻസ് എന്നീ ഇനങ്ങളിൽ തുക നല്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

എ) മേൽ ഉത്തരവ് പ്രകാരം നഴ്സിന് റിസ്ക് അലവൻസ്/സ്പെഷ്യൽ അലവൻസ് ഉൾപ്പെടെ ആകെ 24250/- (17000+7250)രൂപ നല്കുന്നതിന് ആശുപത്രി വികസന സമിതി തീരുമാനിച്ചിരുന്നു. 8.3.21 ലെ ട്രഷറി ബിൽ (സാങ്ഷൻ ഓർഡർ നം.424/8.3.22) പ്രകാരം 2/2022 ലെ വേതനമിനത്തിൽ നല്കിയിരിക്കുന്ന 138051/- രൂപയിൽ നഴ്സ്

ആതിര.എം.ന് 53180/- രൂപ നല്കിയിട്ടുണ്ട്. ഇതിൽ 17000/- രൂപ 2/22 ലെ വേതനവും 29000/- രൂപ 4/21, 5/21, 6/21, 7/21 എന്നീ മാസങ്ങളിലെ (7250x4) റിസ്ക് അലവൻസുമാണ്. ആകെ 46000/- രൂപ. അധികമായി 7180/- രൂപ നല്കിയിരിക്കുന്നു.

ബി) എച്ച്.എം.സി. തീരുമാനപ്രകാരം എച്ച്.എം.സി. നിയമിച്ചിരിക്കുന്ന ലാബ് ടെക്നീഷ്യന് 400/- രൂപ ദിനവേതനം എന്നതിൽ മാറ്റമില്ലാതെ പ്രതിമാസം പരമാവധി 14000/- രൂപ നല്കുന്നതിനും തുക എച്ച്.എം.സി. ഫണ്ട് അപര്യാപ്തമായതിനാൽ ദിനവേതനത്തിൽ അധികരിച്ചുള്ള തുക കോവിഡ് സ്പെഷ്യൽ അലവൻസായി നല്കുന്നതിനും തീരുമാനിച്ചിരുന്നു. ആയതുപ്രകാരം 28.9.21 ലെ ട്രഷറി ബിൽ പ്രകാരം 8/2021 ലെ വേതനമിനത്തിൽ നല്കിയിരിക്കുന്ന 40323/- രൂപയിൽ (സാങ്ഷൻ ഓർഡർ നം.144/7.10.21) ലാബ് ടെക്നീഷ്യൻ ഗ്രീഷ്മാ ദാസിന് വേതനമിനത്തിൽ 9600/- രൂപയും (24 ദിവസത്തെ വേതനം X 400) ഹാജരായ ദിവസത്തിനാനുപാതികമായി കോവിഡ് സ്പെഷ്യൽ അലവൻസ് 3323/- രൂപയും ഉൾപ്പെടെ 12923/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ 9.11.21 ലെ ട്രഷറി ബിൽ (സാങ്ഷൻ ഓർഡർ നം.200/9.11.2021) പ്രകാരം 10/2021 ലെ വേതനമിനത്തിൽ നല്കിയിരിക്കുന്ന 44400/- രൂപയിൽ ലാബ് ടെക്നീഷ്യൻ ഗ്രീഷ്മാ ദാസിന് വേതനമിനത്തിൽ 14000/- രൂപയും ആഗസ്റ്റ് മാസത്തെ കോവിഡ് സ്പെഷ്യൽ അലവൻസായി 3400/- രൂപയും ഉൾപ്പെടെ 17400/- രൂപ നല്കിയിട്ടുണ്ട്. അതായത് ആഗസ്റ്റ് മാസത്തിലെ കോവിഡ് സ്പെഷ്യൽ അലവൻസായി 3400/- രൂപ വീണ്ടും അനുവദിച്ചിരിക്കുകയാണ്.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/20.8.21) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾക്ക് വിശദീകരണം നല്കിയില്ല. ആയതിനാൽ 10580/- (7180+3400) രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 3-3 മെറിറ്റോറിയസ് സ്കോളർഷിപ്പ് - അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു.

2021-22 വർഷത്തേയ്ക്കുള്ള സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് മെഡിക്കൽ കോഴ്സിന് 50,000/- രൂപയും എഞ്ചിനീയറിംഗ് കോഴ്സിന് 25,000/- രൂപയും മറ്റ് ബിരുദ, പോളിടെക്നിക്ക് കോഴ്സുകൾക്ക് 20,000/- രൂപയും ബിരുദാനന്തര കോഴ്സുകൾക്ക് 30,000/- രൂപയും മറ്റെല്ലാ സർക്കാർ അംഗീകൃത കോഴ്സുകൾക്കും 15000/- രൂപയുമാണ് പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പായി ഓരോ വർഷവും അനുവദിക്കാവുന്നത്. മാർഗ്ഗരേഖ പ്രകാരം സംസ്ഥാനത്തിനുള്ളിൽ ജനറൽ നഴ്സിംഗ് & മിഡ് വൈഫറി ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിയ്ക്ക് 15,000/- രൂപയാണ് മെറിറ്റോറിയസ് സ്കോളർഷിപ്പായി നൽകാവുന്നത്. എന്നാൽ 2021-22 വർഷം മരട് പി.എസ് മിഷൻ ഹോസ്പിറ്റൽ & സ്കൂൾ ഓഫ് നഴ്സിംഗിൽ പഠിച്ചിരുന്ന അയന പി.വി എന്ന വിദ്യാർത്ഥിയ്ക്ക് 20,000/- രൂപയാണ് മെറിറ്റോറിയസ് സ്കോളർഷിപ്പായി നൽകിയിട്ടുള്ളത്. അധികം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

അധികം നൽകിയ തുക 2022-23 വർഷത്തെ സ്കോളർഷിപ്പ് തുകയിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് (നം. 29/22.8.2022) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേയ്ക്ക് ഒടുക്കി അറിയിക്കേണ്ടതാണ്.

ചെലവ് വിവരം.

ബിൽ നം. 12/26.12.2021 – 20,000/-

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് വിഹിതം | 2021-22 | 170000 | പച്ചക്കറി കൃഷി | 170000 | |
| | | 160000 | പാലിയേറ്റീവ് | 160000 | |
| | | 556000 | ലൈഫ് | 556000 | |
| | | 599225 | സ്കോളർഷിപ്പ് | 599225 | |
| | | 200000 | പാലിന സബ്സിഡി | 200000 | |
| ആകെ | | 1685225 | | 1685225 | |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 2021-22 | 500000 | ആർദ്രം പദ്ധതി | 500000 | |
| | | 1500000 | ലൈഫ് | 1500000 | |
| | | 100000 | പോഷകാഹാരം | 100000 | |
| | | 562875 | സ്കോളർഷിപ്പ് | 562875 | |
| ആകെ | | 2662875 | | 2662875 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പ്രോജക്ട് നം.219/22 എം.സി.എഫ് വയറിംഗ്& വാട്ടർ കണക്ഷൻ | 22100487 Dt.30/09/2021 | 11500 | | 11500 |
| KSEB | പ്രോജക്ട് നം.86/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 12 | 22101086 Dt.23/11/2021 | 395748 | | 395748 |
| | പ്രോജക്ട് നം..120/22സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22101130dt.29/12/2021 | 377576 | | 377576 |
| | പ്രോജക്ട് നം..187/22സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്2 | 22101156 Dt.17/1/2022 | 200000 | | 200000 |
| | പ്രോജക്ട് നം114/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22101457 Dt.01/03/2022 | 69288 | | 69288 |
| | പ്രോജക്ട് നം.235 /22Sസ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്3 | 22101242 Dt.07/03/2022 | 94819 | | 94819 |
| | പ്രോജക്ട് നം187/22സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 2 | 22101352 Dt.27/3/2022 | 294130 | | 294130 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2516000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | | 2516000 | 44630628 | 4444000 | | 42702628 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000000 |
| തൻവർഷം നിക്ഷേപിച്ച തുക | 278120 |
| ആകെ | 5278120 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5278120 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമനം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | അക്കൗണ്ട്നം |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 31/03/2022 | 30/03/2023 | 5278120 | 40681202100022 |
| | | | | | |
| | ആകെ | | | 5278120 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 90711901 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 96210834 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 19180 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2302310 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3600 | ശ്രീമതി.അജിത, ജെ.പി.എച്ച്.എൻ. |
| 3-2 | | 10580 | ഡോ.അരുൺമിത്ര വി.വി. മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 3-3 | | 5000 | ശ്രീമതി.അമ്പിളി.പി.സി. അസി.സെക്രട്ടറി |
| ആകെ | | 19180 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 193156 | ഡോ.അരുൺമിത്ര വി.വി. മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-21 | 46237 | ഡോ.അരുൺമിത്ര വി.വി. മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-26 | 377576 | ശ്രീമതി.അമ്പിളി.പി.സി. അസി.സെക്രട്ടറി |
| 1-29 | 1685341 | ശ്രീ.പ്രദീപ്കുമാർ, സെക്രട്ടറി |
| ആകെ | 2302310 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-31 കാണുക.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രദീപ്കുമാർ, സെക്രട്ടറി | സെക്രട്ടറി, പാണാവള്ളി ഗ്രാമപഞ്ചായത്ത് | ആർ.എ.പ്രദീപ്കുമാർ, ശ്രീവൽസം, പൈപ്പ് ലൈൻ റോഡ്, പള്ളുരുത്തി |
| ഡോ.അരുൺമിത്ര വി.വി. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | വേലുത്തറ ഹൗസ്, അരൂക്കുറ്റിപി.ഒ., ചേർത്തല |
| ശ്രീമതി.അമ്പിളി.പി.സി. അസി.സെക്രട്ടറി | അസി.സെക്രട്ടറി, പാണാവള്ളി ഗ്രാമപഞ്ചായത്ത് | അമ്പിളി .പി .സി, ഇലഞ്ഞിയിൽ, വാരണം. പി ഒ |
| ശ്രീമതി.അജിത, ജെ.പി.എച്ച്.എൻ. | ജെ.പി.എച്ച്.എൻ., പെരുമ്പളം ഗ്രാമപഞ്ചായത്ത് | പുതിയത്തിൽ ഹൗസ്, തൈക്കാട്ടുശ്ശേരി പി.ഓ.ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ 5-832/11, തീയതി. 31.01.2015 |
| 2006-07 | എൽ.എഫ്. പി 9-279/11, തീയതി. 11.08.11/05.09.11 |

| | |
|---|---|
| 2007-08 | എൽ.എഫ്.പി 9-280/11, തീയതി. 11.08.11/05.09.11 |
| 2008-09 | എൽ.എഫ്.പി 9-491/12, തീയതി. 16.07.12/08.08.12 |
| 2009-10 | എൽ.എഫ്.പി 9-491/12, തീയതി. 16.07.12/08.08.12 |
| 2010-11 മുതൽ 2012-13 വരെ | എൽ.എഫ്.പി 9-1097/13, തീയതി. 15.03.14/13.06.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി9-1579/15, തീയതി.23.12.15/30.12.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി9-825/16, തീയതി.28.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി9-21/2017, തീയതി.12.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി9-1116/2017, തീയതി.22.08.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി9-173/19 തീയതി, 07.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി7/201/2020 തീയതി, 11.06.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി5/951/2021 തീയതി, 24.2.22 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി5/952/2021 തീയതി, 24.2.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്